## പതിമൂന്നാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1738** **11.02.2013 ൽ മറുപടിയ്ക്ക്**

### കൃഷി ഭവനുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആകെ എത്ര കൃഷി ഭവനുണ്ടെന്ന് പറയാമോ ; | (എ) | സംസ്ഥാനത്ത് ആകെ 1076 കൃഷി ഭവനുകളുണ്ട്. |
| (ബി) എല്ലാ കൃഷി ഭവനുകളിലുമായി പൂർണ്ണ ചുമതലയുള്ള കൃഷി ആഫീസർമാർ എത്ര പേരുണ്ടെന്ന് പറയാമോ ; | (ബി) | എല്ലാ കൃഷി ഭവനുകളിലുമായി 1060 പൂർണ്ണ ചുമതലയുള്ള കൃഷി ആഫീസർമാരുണ്ട്. |
| (സി) സംസ്ഥാനത്തെ പല കൃഷി ഭവനുകളിലും ആഫീസർമാരില്ലാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കാൻ കഴിയുന്നില്ലെന്ന പരാതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) എങ്കിൽ അവ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (ഡി) | പരാതി ലഭിക്കുന്ന കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഓഫീസർമാരെ നിയമിക്കുന്നുണ്ട്. |
| (ഇ) കൃഷി ആഫീസർമാരായി ചുമതല ഏൽക്കുകയും അവിടെ നിന്നും മറ്റ് ആഫീസുകളിൽ 'വർക്ക് അറേഞ്ച്മെന്റ് ' ആയി ജോലി നോക്കി വരുന്ന എത്ര പേരുണ്ടെന്ന് പറയുമോ ; | (ഇ) | 'വർക്കിംഗ് അറേഞ്ച്മെന്റ് ' പ്രകാരം ആകെ 16 കൃഷി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. |
| (എഫ്) 'വർക്ക് അറേഞ്ച്മെന്റ് ' ആയി ജോലി നോക്കുന്നവരെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിന് ചുമതലയുള്ള കൃഷി ആഫീസുകളിലേയ്ക്ക് മടക്കി അയയ്ക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (എഫ്) | അത്യാവശ്യ സാഹചര്യങ്ങളിൽ ഇക്കാര്യം പരിഗണിക്കാറുണ്ട്. |

൨

സെക്ഷൻ ഓഫീസർ